DESPATCHED
On 05/03/2020
14/1/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 255*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *1365/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മനോജ് .കെ.പി**
**മയൂഖം, വൈക്കിലശ്ശേരി.പി.ഒ**
**വടകര-4, കോഴിക്കോട്-673104** — **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &**
**സെക്രട്ടറി,**
**ചോറോട് ഗ്രാമപഞ്ചായത്ത്,**
**കോഴിക്കോട്**

2. **അപ്പീൽ അധികാരി &**
**ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്**
**കോഴിക്കോട്**

— **എതിർകക്ഷികൾ**

## ഉത്തരവ്

പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വ്യക്തമല്ലാത്തതും പരസ്പര വിരുദ്ധവുമായ മറുപടി യാണ് ലഭിച്ചതെന്നും വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദീകരണം തേടുന്നതിനായി ഇരുകക്ഷികളെയും 07.11.2019 ന് വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, കോഴിക്കോട് നടന്ന ഹിയറിംഗിന് ഹാജരാകാൻ കത്ത് നൽകുകയും ഇരു കക്ഷികളും ഹാജരാകുകയും, സമർപ്പിച്ച രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എല്ലാം മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി ബോധിപ്പിക്കുകയും എന്നാൽ നൽകിയത് വ്യത്യസ്തമായ മറുപടിയാണ് എന്നതാണ് ഹർജിക്കാരൻ ഉന്നയിച്ച ആക്ഷേപം, ചോറാട് ഗ്രാമപഞ്ചായത്തിലെ വൈക്കിലശ്ശേരി തെരുവിൽ പ്രവർത്തിക്കുന്ന സോപാനം എന്ന ഫ്ളവർ മില്ലിന് അനുവദിച്ച ലൈസൻസ് സംബന്ധിച്ച വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ടി സ്ഥാപനത്തിന് 31.03.2006 ന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടോ എന്നതിന് ലൈസൻസ് ഫീസ് അട ച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയതെന്നും 2011– 2014 വരെ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ആവശ്യപ്പെട്ടതിന് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ലെന്നാണ് മറുപടി നൽകിയത്. ആയത്, ഫീസ് ഒടുക്കിയെങ്കിലും ചട്ടപ്രകാരമുള്ള ഫോറത്തിൽ ലൈസൻസ് നൽകിയിട്ടില്ലെ ന്നതിനാലാണെന്നും, എന്നാൽ ഫീസ് അടച്ചുകഴിഞ്ഞാൽതന്നെ ലൈസൻസ് പുതുക്കിയതായി കണക്കാക്കുന്നുവെന്നും, വിവരാവകാശ അപേക്ഷയ്ക്ക് ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് നൽകേണ്ടതിനാലും ആയത് ടി ഓഫീ സിൽ ലഭ്യമല്ലാത്തതിനാലും ആണ് എസ്.പി.ഐ.ഒ അങ്ങനെ മറുപടി നൽകിയതെന്നും, സാധാരണഗതിയിൽ വർഷം തോറും പുതുക്കിവരുന്ന ഒരു ലൈസൻസ് സംബന്ധിച്ച് ഉടമസ്ഥന്റെ സമ്മതപത്രമോ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സിയോ എല്ലാ വർഷവും ഹാജരാക്കണ മെന്ന് നിർബന്ധിക്കാറില്ലെന്നും അപേക്ഷകന് നൽകിയ മറുപടിയിൽ പൊരു ത്തക്കേടുണ്ടന്ന അഭിപ്രായം വീണ്ടും ഉണ്ടെന്നറിയിച്ചാൽ അതുമായി ബന്ധ പ്പെട്ട രേഖകൾ അപേക്ഷകന് സൗജന്യമായി നൽകുന്നതാണെന്നും, നടപടിക്രമങ്ങളിൽ തെറ്റു പറ്റിയെന്നും കമ്മീഷനെ ബോധിപ്പിക്കുകയും ചെയ്തു.



res

3. ടി അപ്പീൽ ഹർജി ഗൗരവത്തോടെ വീക്ഷിച്ച കമ്മീഷൻ, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് അപേക്ഷകന് വളരെ വ്യക്തമായ മറുപടിയാണ് നൽകേണ്ടതെന്നും, 2014 കാലഘട്ടത്തിലെ ഫയലായതിനാലും, ഇപ്പോൾ ടി കാര്യത്തിൽ പ്രസക്തിയില്ലാത്തതിനാലും നടപടികളിലേയ്ക്ക് പോകുന്നില്ലെന്നും, ഇനി ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് എതിർകക്ഷിക്ക് താക്കിത് നൽകി ഈ പരാതി ഹർജിയിൽ മേൽ നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION



res